**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2042** **11-10-2021 - ൽ മറുപടിയ്ക്ക്**

**കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിൽ ഏതെല്ലാം ആശുപത്രികളിലാണ് കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കോട്ടയം ജില്ലയിൽ കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാകുന്ന സർക്കാർ ആശുപത്രിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. SL No Hospital Name 1 CHC Edayarikkapuzha 2 CHC Kumarakom 3 CHC Sachivothamapuram 4 CHC Thottakkad 5 General Hospital, Pala 6 General Hospital Changanacherry 7 General Hospital Kanjirappally 8 General Hospital, Kottayam 9 Govt. Dental College , Kottayam 10 Govt. Medical College Hospital, Kottayam 11 Institute of Child Health, Govt. Medical College, Kottayam 12 K R Narayanan Memmorial Speciality Hospital Uzhavoor 13 Occupational Health Centre 14 PHC Mundankunnu 15 THQH Pampady 16 THQH Vaikom കോട്ടയം ജില്ലയിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാകുന്ന സ്വകാര്യ ആശുപത്രികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. Sl No Hospital Name Full empenelled/Covid only 1 Ahalla Foundation Eye Hospital Full empanelled 2 Ahalla Foundation Eye Hospital Full empanelled 3 Alphonsa Eye Hospital Full empanelled 4 Assisi Hospital Full empanelled 5 Bharath Hospital Covid Only 6 Caritas Hospital Covid Only 7 Chaithanya Eye Hospital And Research Institute Full empanelled 8 Cherupushpam Trust Hospital, Pala Full empanelled 9 CMC Hospital Full empanelled 10 Dr Agarwals Eye Hospital Kottayam Full empanelled 11 Fathima Eye Hospital Pala Full empanelled 12 Highrange Hospital Full empanelled 13 Kadampuzha Hospital Covid Only 14 KMA Medicare Full empanelled 15 |

| | | | |
|---|---|---|---|
| | | | Lions Charitable Trust Eye Hospital Paika Full empanelled 16 M.G.D.M Hospital Covid Only 17 Mandiram Hospital Full empanelled 18 New Vision Eye Hospital Full empanelled 19 Paret Mar Ivanios Hospital Full empanelled 20 Punyan Charitable Trust Full empanelled 21 St. Thomas Hospital Covid Only 22 Thanal Dialysis Centre Eratupetta Full empanelled 23 The Kaduthuruthy Co Operative Hospital Full empanelled 24 Vasan Health Care Pvt Ltd. Full empanelled |
| (ബി) | പ്രസ്തുത പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം ലഭ്യമാകുന്ന സേവനങ്ങൾ അർഹതയുള്ള കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും പ്രായ വ്യത്യാസമില്ലാതെ അഞ്ച് ലക്ഷം രൂപയുടെ ദ്വിതീയ, ത്രിതീയ സൗജന്യ ചികിത്സ ഒാരോ വർഷവും പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള ആശുപത്രികളിൽ നിന്ന് ലഭിക്കുന്നതാണ്. പദ്ധതി പ്രകാരം ആശുപത്രിയിലെ കിടത്തി ചികിത്സയ്ക്കാണ് ആനുകൂല്യം ലഭിക്കുക. കിടത്തി ചികിത്സ ആരംഭിക്കുന്നതിന് മുൻപുള്ള മൂന്ന് ദിവസത്തെ പരിശോധനകളും, മരുന്നുകളും സൗജന്യമായിരിക്കും. ആശുപത്രിയിൽ അഡ്മിറ്റാകുന്ന സമയത്തെ ചികിത്സക്കും, മരുന്നുകൾക്കും, പരിശോധനകൾക്കും ചിലവാകുന്ന മുഴുവൻ തുകയും പദ്ധതിയിൽ ഉൾപ്പെടുന്നതാണ്. ഡിസ്ചാർജ്ജായതിന് ശേഷം പരമാവധി 15 ദിവസം വരെയുള്ള മരുന്നുകൾക്കും പിരശോധനകൾക്കും ചിലവാകുന്ന ചികിത്സ സൗജന്യമാണ്. അലോപ്പതി ചികിത്സയ്ക്ക് മാത്രമേ ആനുകൂല്യം നിലവിൽ ലഭിക്കുകയുള്ളൂ. ഏത് പ്രായത്തിലുള്ളവരെയും പദ്ധതിയിൽ അംഗമാക്കാം. നിലവിലുള്ള രോഗങ്ങൾക്കും സൗജന്യ ചികിത്സ ആനുകൂല്യം ലഭിക്കുമെന്ന സവിശേഷതയുമുണ്ട്. കിടത്തി ചികിത്സിക്കുന്ന വേളയിൽ എക്സ്-റേ, സ്കാനിംഗ് ഉൾപ്പെടെയുള്ള എല്ലാ പിരശോധനകളും സൗജന്യമായിരിക്കും. ഒരു വർഷത്തേക്ക് പരമാവധി 5 ലക്ഷം രൂപയുടെ ചികിത്സ ആയിരിക്കും പ്രസ്തുത പദ്ധതി പ്രകാരം ലഭിക്കുക. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം അർഹതപ്പെട്ട കുടുംബങ്ങൾ താഴെ പറയും പ്രകാരമാണ്. 2018-19 സാമ്പത്തിക വർഷം പ്രാബല്യത്തിലുള്ള ആർ.എസ്.ബി.വൈ കാർഡുള്ള എല്ലാ കുടുംബങ്ങളും, കേന്ദ്രസർക്കാരിന്റെ എസ്.ഇ.സി.സി. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങളും കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ സൗജന്യ ചികിത്സയ്ക്ക് അർഹരാണ്. ഇവർക്ക് പുതിയ |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ അംഗത്വമെടുക്കാവുന്നതാണ്. കുടുംബനാഥൻ/കുടുംബനാഥ എന്നിവർക്ക് പുറമേ റേഷൻ കാർഡിലുള്ള എല്ലാ അംഗങ്ങളേയും പദ്ധതയിൽ ഉൾപ്പെടുത്താവുന്നതാണ്. കുടുംബത്തിലെ മുഴവൻ അംഗങ്ങൾക്കും വ്യക്തിഗത ABPM-JAY-KASP കാർഡ് ലഭിക്കുന്നതാണ്. വ്യക്തിഗത AB PM – JAY-KASP കാർഡ് ലഭിക്കുന്നതിനായി ചികിത്സ തേടുന്ന സമയത്ത് ആശുപത്രികളിലെ KASP കിയോസ്കുകളിൽ നിന്നും ഈ സേവനം സൗജന്യമായി ഗുണഭോക്താക്കൾക്ക് ഉപയോഗിക്കാവുന്നതാണ്. പദ്ധതിയിൽ അംഗത്വം നേടിയ ആശുപത്രികളിൽ നിന്ന് അർഹതപ്പെട്ട കുടുംബങ്ങളിലെ ഗുണഭോക്താക്കൾക്ക് പൂർണ്ണമായും 5 ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സ പ്രതി വർഷത്തേക്ക് ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ